<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5436</u> <u>21-07-2022 - ൽ മറുപടിയ്ക്ക്</u>

<u>ആട്ട വളർത്തൽ പ്രോത്സാഹന പദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആട്ട വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ? | (എ) | ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. <u>ഗോട്ട് സാറ്റലൈറ്റ് പദ്ധതി</u><br><br>തെരഞ്ഞെടുത്ത പഞ്ചായത്തുകൾ വഴി ആട് വളർത്തലിന് സബ്സിഡി സഹായം (50%) നൽകി വരുന്നു. 5 പെണ്ണാട്ടും ഒരു ആണാട്ടും ഉൾപ്പെടുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി സഹായം നൽകുന്നത്. ഒരു യൂണിറ്റിന് 25000/- രൂപയാണ് ധനസഹായം. ആകെ 200 ലക്ഷം രൂപ പദ്ധതിയ്ക്കായി 2022-23 ൽ വകയിരുത്തിയിട്ടുണ്ട്.<br><br>2. <u>കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ്.</u><br><br>ആട്ട വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി അനിമൽ റിസോഴ്സ് ഡവലപ്പ്മെന്റ് പദ്ധതിയുടെ കീഴിൽ കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് (വ്യാവസായിക അടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി) പദ്ധതി നടപ്പിലാക്കി വരുന്നു. 19 പെണ്ണാട്ടും ഒരു ആണാട്ടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000 രൂപ വീതം കർഷകന് ധനസഹായം നൽകുന്നു. 2022-23 ൽ 240 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 240 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>**<u>കെ.എൽ.ഡി ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:</u>**<br><br><u>1. ആട്ടുകളുടെ കൃതിമ ബീജാധാനത്തിനായി ഗാഢശീതീകരിച്ച ബീജമാത്രകളുടെ ഉൽപ്പാദനവും വിതരണവും</u><br><br>വംശഗുണവും ജനിതകമേന്മയേറിയതുമായ മലബാറി ആട്ടുകളെ സംരക്ഷിച്ച്, ഇവയുടെ ഗാഢശീതീകരിച്ച ബീജം ഉൽപ്പാദിപ്പിച്ച് സംസ്ഥാനത്തൊട്ടാകെ |

| | | | |
|---|---|---|---|
| | | | വിതരണം ചെയ്തു വരുന്നു. ഇതിനുവേണ്ടി ധോണി ഫാമിലെ ആട് പ്രജനന കേന്ദ്രത്തിൽ ഗാഢശീതീകരിച്ച ബീജം ഉൽപ്പാദിപ്പിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 88697 ഡോസ് ഗാഢശീതീകരിച്ച ബീജമാത്രകൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഇത് ആവശ്യാനുസരണം ക്ഷീരകർഷകർക്ക് കൃത്രിമ ബീജാധാന കേന്ദ്രങ്ങൾ വഴി വിതരണം ചെയ്തു വരുന്നു.<br><br><u>2. മലബാറി ആട്ടുകളുടെ സംരക്ഷണവും, മെച്ചപ്പെടുത്തലും</u><br><br>കേരളത്തിന്റെ തനത് ജനുസ്സായ മലബാറി ആടുകളുടെ സംരക്ഷണത്തിനും വർഗ്ഗോദ്ധാരണത്തിനും, മലബാറി ആടുകളുടെ ഫീൽഡ് പെർഫോർമൻസ് രേഖപ്പെടുത്തി മെച്ചപ്പെട്ട മലബാറി ആട്ടുകളെ തെരഞ്ഞെടുക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>ദേശീയ കന്നുകാലി മിഷൻ പദ്ധതിയുടെ കീഴിൽ ആടുകളിൽ കൃത്രിമ ബീജാധാനം നടത്തുന്നതിനുള്ള പരിശീലനം മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി ഡോക്ടർമാർക്കും, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും നൽകിവരുന്നു. പരിശീലനം പൂർത്തീകരിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ബീജാധാന കേന്ദ്രങ്ങളിൽ ഗോട്ട് എ.ഐ ഉപകരണങ്ങൾ ബോർഡ് ലഭ്യമാക്കുന്നു. കൂടാതെ ഗാഢശീതീകരിച്ച ആട് ബീജമാത്രകളും കെ.എൽ.ഡി ബോർഡിൽ നിന്നും ലഭ്യമാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ